LIBRARY ARCHIVES Kerala Legislative Assembly

**കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവുകൾ സംബന്ധിച്ച്**

196 (2066) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ നിലവിൽ എത്ര സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവുകൾ ഉണ്ട് ;

(ബി) പ്രസ്തുത ജില്ലകളിലെ ഒഴിവുകൾ സംബന്ധിച്ച് പി.എസ്.സി.-ക്ക് ഏറ്റവും ഒടുവിൽ റിപ്പോർട്ട് നൽകിയത് എന്നാണ് ;

(സി) പ്രസ്തുത ജില്ലകളിലെ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ നിലവിലുള്ള മുഴുവൻ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊല്ലം, പത്തനംതിട്ട ജില്ലകളിൽ സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവുകൾ നിലവിലില്ല. ആലപ്പുഴ ജില്ലയിൽ ഒരൊഴിവ് നിലവിലുണ്ട്.

(ബി) 14-3-2013-ൽ.

(സി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് ആയത് യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സർക്കാർ ഉത്തരവിലൂടെ പിൻവലിച്ച കേസുകൾ**

197 (2067) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് പോലീസ് എഫ്.ഐ.ആർ. ഇട്ട് കോടതിയിൽ വിചാരണയിലിരിക്കുകയായിരുന്ന എത്ര കേസുകൾ പിൻവലിക്കാൻ ഉത്തരവുകൾ പുറപ്പെടുവിച്ചു ;

(ബി) പോലീസ് അന്വേഷണത്തിലിരിക്കുകയായിരുന്ന എത്ര കേസുകൾ സർക്കാർ ഉത്തരവിലൂടെ പിൻവലിച്ചിട്ടുണ്ട് ;

(സി) പോലീസ് അന്വേഷണത്തിലിരിക്കെ, പ്രതികൾ അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കി നിൽപ്പുണ്ടായിരുന്ന എത്ര കേസുകൾ സർക്കാർ ഉത്തരവിലൂടെ പിൻവലിച്ചിട്ടുണ്ട് ; ഇതിന്റെ പേരിൽ അന്വേഷണത്തിന്റെ ഭാഗമായി അറസ്റ്റ് ചെയ്യപ്പെടേണ്ടിയിരുന്ന എത്രപേരെ പോലീസിന് അറസ്റ്റ് ചെയ്യാൻ സാധിക്കാതെ പോയിട്ടുണ്ട് ; വിശദമാക്കാമോ ?